**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3483** **08-10-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശിക**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെയും അക്കൗണ്ടിൽ എത്ര തുകയുണ്ടെന്നും നിലവിൽ വിതരണം ചെയ്യേണ്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്ര മാസത്തെ കുടിശികയുണ്ടെന്നും എത്ര തുകയാണ് കുടിശ്ശികയിനത്തിൽ നല്കാനുള്ളതെന്നും വിവരം ലഭ്യമാക്കാമോ? | (എ) | തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെയും അക്കൗണ്ടിൽ എത്ര തുകയുണ്ടെന്നും നിലവിൽ വിതരണം ചെയ്യേണ്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്ര മാസത്തെ കുടിശികയുണ്ടെന്നും എത്ര തുകയാണ് കുടിശ്ശികയിനത്തിൽ നല്കാനുള്ളതെന്നും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന, തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽ നിലവിൽ ഒരുമാസത്തെ പെൻഷൻ മാത്രമാണ് കുടിശ്ശികയായുള്ളത്. ബോർഡ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു;

### 1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന് 461,42,71,884/- രൂപ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സ്ഥിരനിക്ഷേപമായിട്ടുണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷനും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി അനുവദിച്ച് വരുന്നു. പെൻഷൻ വിതരണത്തിൽ കുടിശ്ശികയില്ല.

### 2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ട്രഷറി അക്കൗണ്ടിൽ സ്ഥിരനിക്ഷേപമായി 29,05,00,000/- രൂപയാണ് നിലവിലുള്ളത്. ബോർഡിൽ നിന്നും ക്ഷേമപദ്ധതികളായ അധിവർഷാനുകൂല്യം/ മരണാനന്തര അധിവർഷാനുകൂല്യം/ മാരകരോഗ അധിവർഷം, വിവാഹധനസഹായം, പ്രസവധന സഹായം, ചികിത്സാധന സഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ/ ഉന്നത വിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. നിലവിൽ താഴെ പറയുന്ന ആനുകൂല്യങ്ങളിലായി 492 കോടി രൂപയുടെ കുടിശ്ശികയാണ് ബോർഡിൽ നിലനിൽക്കുന്നത്.

| ആനുകൂല്യങ്ങൾ | ഏത് തീയതി വരെ അനുവദിച്ചു. |
|---|---|
| അധിവർഷാനുകൂല്യം | 2018 മാർച്ച് വരെ |
| വിവാഹധനസഹായം | 2025 ഓഗസ്റ്റ് വരെ |
| പ്രസവ ധനസഹായം | 2023 ജൂലായ് വരെ |

### 3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (2025 ആഗസ്റ്റ് 31-ലെ കണക്ക് അനുസരിച്ച്)

| ബാങ്ക്/ട്രഷറി | നീക്കിയിരിപ്പുള്ള തുക | റിമാർക്സ് |
|---|---|---|
| സബ് ട്രഷറി (പി.എസ്.ടി.എസ്.ബി) | 61447126 | സാമ്പത്തിക താങ്ങൽ വിതരണം ചെയ്തു കൊണ്ടിരിക്കുന്നു. |
| സബ് ട്രഷറി (ടി.എസ്.ബി) | 17,83,544 | സ്ഥിര നിക്ഷേപങ്ങളുടെ പലിശ |
| സബ് ട്രഷറി (എസ്.ടി.എസ്.ബി) | 0 | പെൻഷൻ വിതരണത്തിന് |
| സബ് ട്രഷറി (സ്ഥിര നിക്ഷേപം) | 4,15,00,000 | - |
| ബാങ്ക് സ്ഥിരനിക്ഷേപം | 2,55,58,517 | - |

| | | |
|---|---|---|
| സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ | 1,75,28,369 | - |

നിലവിൽ ആഗസ്റ്റ് 2025 വരെ പെൻഷൻ നൽകിയിട്ടുണ്ട്. സെപ്റ്റംബർ 2025 മുതൽ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. സെപ്റ്റംബർ മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിനായി 1,74,83,200/- രൂപ കുടിശികയായിട്ടുണ്ട്. പ്രസവധനസഹായ ഇനത്തിൽ 2021 മുതൽ അപേക്ഷകൾ കുടിശികയുണ്ട്. സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്ത് തുക ലഭിക്കുന്ന മുറയ്ക്കാണ് പ്രസവധനസഹായം വിതരണം ചെയ്യുന്നത്. നിലവിൽ 4,12,90,000/- രൂപ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്ത് ലഭിക്കുവാനുണ്ട്. 2025 ആഗസ്റ്റ് വരെ ലഭിച്ച പ്രസവ ആനുകൂല്യ അപേക്ഷകൾ ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. 2024 ആഗസ്റ്റ് മുതൽ വിവാഹ ധനസഹായ ഇനത്തിൽ ലഭിച്ച അപേക്ഷകൾ വിതരണം ചെയ്യുന്നതിനായി 15,78,000/- രൂപ കുടിശികയുണ്ട്. ഈ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി 27.08.2025 ൽ കൂടിയ ബോർഡിന്റെ ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**4. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ നിലവിലുള്ള തുകയുടെ വിവരം

ട്രഷറി - FD- 63057549/-

കേരള ഗ്രാമീണ ബാങ്ക് - FD - 3961335/-

കേരള ബാങ്ക് - FD - 1,12,94,577/-

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ - FD - 330000/-

2025 സെപ്റ്റംബർ മാസത്തെ പെൻഷനാണ് കുടിശ്ശിക ആയിട്ടുള്ളത്.

തുക - 6758600/-

5. **കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും 2024 ഏപ്രിൽ മാസം വരെയുള്ള പെൻഷനും, 31-03-2025 വരെയുള്ള ആനുകൂല്യങ്ങളുമാണ് വിതരണം ചെയ്തിട്ടുള്ളത്. 01-04-2025 മുതലുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയാണ്. 17 മാസത്തെ പെൻഷൻ കുടിശ്ശികയും ആനുകൂല്യ കുടിശ്ശികയുമുൾപ്പെടെ ഏകദേശം 1454 കോടി രൂപയാണ് കുടിശ്ശികയിനത്തിൽ നൽകാനുള്ളത്. 31-08-2025 വരെ ബോർഡിന്റെ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുണ്ടായിരുന്ന ആകെ തുക 75955182.65/- രൂപ.

6. **കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്**

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് കൊല്ലം ജില്ലാ ട്രഷറിയിൽ മൂന്ന് സ്ഥിരനിക്ഷേപങ്ങളിലായി 3,31,00,000/- രൂപയും കൊല്ലം ജില്ലാ ട്രഷറിയിൽ റ്റി എസ് ബി /എസ് റ്റി എസ് ബി അക്കൗണ്ടിൽ 1,69,48,427/- രൂപയും ബോർഡിന്റെ മറ്റ് ബാങ്ക് അക്കൗണ്ടുകളിലായി 12,58,056/- രൂപയുമാണുള്ളത്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംശദായ പെൻഷൻ സർക്കാർ ധനസഹായത്തോടുകൂടിയാണ്

നൽകി വരുന്നത്. നിലവിൽ 2025 സെപ്റ്റംബർ മാസത്തിലെയും അവശതാ പെൻഷൻ 2022 ഒക്ടോബർ, നവംബർ, ഡിസംബർ, 2023 ജനവരി, 2025 ഏപ്രിൽ മുതൽ 2025 സെപ്റ്റംബർ വരെയും ആണ് നിലവിൽ കുടിശ്ശികയുള്ളത്. ഒരു മാസത്തെ അംശദായ പെൻഷൻ വിതരണത്തിനായി ബോർഡിന് ഏകദേശം 9 കോടിയോളം രൂപ ആവശ്യമായി വരുന്നുണ്ട്. അവശതാ പെൻഷൻ കുടിശ്ശിക വിതരണത്തിനായി ബോർഡിന് ഏകദേശം 1,85,52,000/- രൂപ കൂടി ആവശ്യമായി വരുന്നതാണ്. മറ്റ് ആനുകൂല്യങ്ങളൊന്നും തന്നെ ബോർഡിൽ കുടിശ്ശികയില്ല.

7. **കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടുകളിൽ 4.3 കോടി രൂപയാണുള്ളത്. ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങളെല്ലാം യഥാസമയം നൽകിവരുന്നുണ്ട്. കുടിശ്ശിക ഇല്ല. സാമ്പത്തിക പ്രതിസന്ധി കാരണം സർക്കാർ അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ചാണ് പെൻഷൻ നൽകിവരുന്നത്. 2025 സപ്റ്റംബർ മാസത്തെ പെൻഷൻ മാത്രമാണ് കുടിശ്ശികയായിട്ടുള്ളത്. ഒരു മാസത്തെ കുടിശ്ശിക പെൻഷൻ നൽകാൻ 1,37,47,200/- രൂപ ആവശ്യമുണ്ട്.

8. **കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡിന്റെ 123 ഓഫീസുകളുടെ വിവിധ അക്കൗണ്ടുകളിലായി 29 കോടി രൂപ നിലനിൽക്കുന്നുണ്ട്. ആയത് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വേതന, ആനുകൂല്യ വിതരണത്തിനായി പ്രതിമാസം 53 കോടി രൂപ ചെലവ് വരുന്നതും ആയതിലേയ്ക്ക് സമാഹാരിക്കപ്പെട്ട് കൊണ്ടിരിക്കുന്ന തുകയുമാണ്.

**അൺ അറ്റാച്ച്ഡ്- നി**ലവിൽ അൺ അറ്റാച്ച്ഡ് വിഭാഗം പെൻഷൻ ഗുണഭോക്താക്കൾക്ക് ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും നാളിതുവരെ കുടിശ്ശികയില്ലാതെ എല്ലാ മാസവും പെൻഷൻ വിതരണം ചെയ്ത് വരുന്നു.

**സ്കാറ്റേർഡ്-** കേരളാ ചുമട്ട തൊഴിലാളി ക്ഷേമബോർഡിൽ കേരളാ സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ലിമിറ്റഡിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം നടത്തി വരുന്നു. നിലവിൽ 2025 സെപ്റ്റംബർ മാസത്തിൽ 5161 ഗുണഭോക്താക്കൾക്കായി 82,52,600/- രൂപ പെൻഷൻ തുക കുടിശിക ഉണ്ട്.

9. **കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

ടി ബോർഡിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 1,12,26,257 രൂപാ ബാലൻസുണ്ട്. സർക്കാർ ധനസഹായത്തോടെ 2025 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2025 മെയ് മാസം വരെയുള്ള എല്ലാ ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. 2025 സെപ്റ്റംബർ മാസത്തെ പെൻഷൻ വിതരണത്തിനായി 2272000 രൂപയും ആനുകൂല്യ വിതരണത്തിനായി 16,73,578 രൂപയും കുടിശ്ശികയായി നൽകുവാനുണ്ട്.

10. **കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ എച്ച്.ഡി.എഫ്.സി, സൗത്ത് ഇൻഡ്യൻ ബാങ്ക്, ട്രഷറി എന്നിവിടങ്ങളിലെ വിവിധ അക്കൗണ്ടുകളിലായി 31,61,282.44/- രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി അറുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി എൺപത്തിരണ്ട് രൂപ നാല്പത്തിനാല് പൈസ) നിലവിലുണ്ട്. ബോർഡിൽ പെൻഷൻ പദ്ധതി നിലവിലില്ല. ആനുകൂല്യ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുകയും അപാകതകളില്ലാത്ത അപേക്ഷകൾക്ക് സമയബന്ധിതമായി ആനുകൂല്യം അനുവദിച്ച് നല്കുകയും ചെയ്യുന്നു. നിലവിൽ ഒരു ആനുകൂല്യങ്ങൾക്കും കുടിശ്ശികയിനത്തിൽ തുകയൊന്നും നല്കാനില്ല.

11. **കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന് വിവിധ നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളിൽ സ്ഥിരനിക്ഷേപമായി 272,86,63,971/- രൂപയും ട്രഷറിയിൽ 1884,78,44,860/- രൂപയും നിലനില്ക്കുന്നു. ടി സ്ഥിരനിക്ഷേപങ്ങളും കെ.എസ്.എസ്.പി.എൽ-ന് വായ്പയിനത്തിൽ നല്കിയ 2000 കോടി രൂപയും കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡിന് നല്കിയ 140 കോടി രൂപയും നിലവിൽ കളക്ഷൻ ഇനത്തിലും സ്ഥിരനിക്ഷേപ പലിശയിനത്തിലുമായി ബോർഡിന്റെ വിവിധ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിലനില്ക്കുന്ന 23,80,05,393/- രൂപയും ചേർത്ത് ആകെ 4321,45,14,224/- രൂപ ബോർഡിന് ബാലൻസ് നിലനില്ക്കുന്നു. പെൻഷൻ അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഓരോ മാസത്തെയും പെൻഷൻ അതേ മാസത്തെ ആദ്യ പ്രവൃത്തിദിനത്തിൽ തന്നെ അനുവദിച്ച് നല്കുന്നു. പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യ വിതരണത്തിൽ കുടിശ്ശികയൊന്നും വരുത്തിയിട്ടില്ല.

12. **കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന് ജില്ല ട്രഷറിയിൽ പെൻഷൻ ഫണ്ടിനത്തിൽ 311 കോടിയുടെ സ്ഥിര നിക്ഷേപമുണ്ട്. ടി ബോർഡിൽ നിന്നും പെൻഷൻ വിതരണം ചെയ്യുന്നതിന് കുടിശ്ശികയൊന്നുമില്ല. ബോർഡിൽ കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള പെൻഷൻ തുക ബോർഡിന്റെ തനത് ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്.

13. **കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ 1089 അംഗങ്ങൾക്ക് 2025 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2025 സെപ്റ്റംബർ മാസത്തെ 1098 പെൻഷൻകാർക്ക് 17,56,800/- രൂപ വിതരണം ചെയ്യാനുണ്ട്, സർക്കാർ പെൻഷൻ തുക അനുവദിക്കുന്ന മുറക്ക് വിതരണം ചെയ്യുന്നതാണ്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ മറ്റാനുകൂല്യങ്ങൾ കുടിശിഖ ഇല്ലാത്തതാണ്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി അക്കൌണ്ടിൽ ഫിക്സ്ഡ് ഡെപ്പോസിറ്റ് ആയി 6,63,82,898/-രൂപ നിലവിലുണ്ട്.

14. **<u>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

ബോർഡിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിലായി 1.66 കോടി രൂപയും സ്ഥിരനിക്ഷേപമായി 49.57 കോടി രൂപയും നീക്കിയിരുപ്പുണ്ട്. സർക്കാർ ധനസഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്നു. ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ മുടക്കം കൂടാതെ വിതരണം ചെയ്തിട്ടുണ്ട്.

15. **<u>കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൌണ്ടിൽ നിലവിൽ 2760.6471751 കോടി രൂപയാണ് ഉള്ളത്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളി പെൻഷൻ, കുടുംബ പെൻഷൻ, സാന്ത്വന പെൻഷൻ എന്നീ മൂന്ന് വിഭാഗങ്ങളിലായി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും യഥാസമയം ക്ഷേമനിധി പെൻഷൻ വിതരണം ചെയ്തു വരുന്നു. ബോർഡിൽ നിന്നും 2025 ആഗസ്റ്റ് മാസം വരെയുള്ള ക്ഷേമനിധി പെൻഷൻ വിതരണം ചെയ്തിട്ടുള്ളതാണ്. 2025 സെപ്റ്റംബർ മാസത്തെ പെൻഷൻ വിതരണ നടപടികൾ പൂർത്തിയായി വരുന്നു.

16. **<u>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്</u>**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയ്ക്ക് എസ്.ബി.ഐ, ഫെഡറൽ ബാങ്ക്, ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് എന്നിവയിലായി ആകെ 3,07,79,374/- രൂപ നീക്കിയിരിപ്പുണ്ട്. ടി പദ്ധതിയിൽ സർക്കാർ സഹായത്തോടെ വിതരണം ചെയ്യുന്ന അംശദായ പെൻഷൻ 2025 ആഗസ്റ്റ് മാസം വരെയും ബോർഡിന്റെ തനത് ഫണ്ടിൽ വിതരണം ചെയ്യുന്ന അവശതപെൻഷൻ 2025 സെപ്റ്റംബർ മാസം വരെയും പദ്ധതി മുഖേന വിതരണം ചെയ്യുന്ന മറ്റ് ആനുകൂല്യങ്ങൾ 2025 ആഗസ്റ്റ് മാസം വരെയും വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ തനത് ഫണ്ട് വിനിയോഗിച്ച് വിതരണം ചെയ്യുന്ന ആനുകൂല്യ അപേക്ഷകളിൽ മുടക്കം ഇല്ല.

സെക്ഷൻ ഓഫീസർ